പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **12-02-2020-ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. ജോയി<br>,, ടി.വി.രാജേഷ്<br>,, ഒ. ആർ. കേളു<br>,, എം. മുകേഷ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രദേശവാസികളിലേക്ക് വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ എത്തിക്കുന്ന രീതിയിൽ ആവിഷ്കരിച്ചിട്ടുള്ളതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ എത്രപേർക്ക് പ്രയോജനം ലഭ്യമാകുന്നുവെന്നതിന്റെ കണക്ക് നൽകാമോ; എത്ര ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | രണ്ടു വർഷക്കാലത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്തരവാദിത്ത ടൂറിസം എന്ന ആശയം പ്രചരിപ്പിക്കുവാനും അതിന്റെ ഭാഗമായി യൂണിറ്റുകളുടെ എണ്ണത്തിൽ കുതിച്ചു കയറ്റം നടത്താനും മിഷന് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്.<br>കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്തു യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 17008 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം |

| | | | |
|---|---|---|---|
| | | | മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ആർ.ടി. മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ആകെ 92980 ആളുകൾ വിനോദ സഞ്ചാരമേഖലയുടെ ഗുണഭോക്താക്കളായി മാറുകയും വരുമാനം ലഭിക്കുകയും ചെയ്യുന്നു. |
| (ബി) | പദ്ധതി വിപുലപ്പെടുത്തുന്നതിനായി സർക്കാർ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഉത്തരവാദിത്ത ടൂറിസം രംഗത്തെ പ്രവർത്തനത്തിന് എന്തൊക്കെ അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്; | (ബി) | അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റുകളുടെ രൂപീകരണം, യൂണിറ്റുകളെ ടൂറിസം വ്യവസായവുമായി നെറ്റ് വർക്ക് ചെയ്യുക അതുവഴി പ്രാദേശിക വരുമാനം ഉറപ്പാക്കുക, പ്രാദേശിക ടൂർ പാക്കേജുകൾ കണ്ടെത്തി വികസിപ്പിക്കുകയും അവ മാർക്കറ്റ് ചെയ്യുകയും ചെയ്യുക, ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പ വരുത്തുന്നതിനായി 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെൻറ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' പദ്ധതി, പാരിസ്ഥിതിക മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള ക്ലീൻ കേരള പദ്ധതി, ഉത്സവകാല ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നാട്ടിൻപുറങ്ങളിൽ ഓണമുണ്ണാം ഓണസമ്മാനങ്ങൾ വാങ്ങാം, പാതിരാപലഹാരം പദ്ധതികൾ, കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ഉറപ്പ വരുത്തുന്നതിനുമായി എക്സ്പീരിയൻസ് എത്തിക്/ ലോക്കൽ കുസിൻ പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികളാണ് ആർ.ടി. മിഷൻ നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനു ശേഷം 4 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ താഴെ പറയുന്ന 7 അവാർഡുകളാണ് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.<br>1. 2017 ൽ-ഡബ്ല്യൂടിഎം-ന്റെ ഹൈലി കമെൻഡഡ് അവാർഡ് - കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രൊജക്ട്.<br>2. 2018 ലെ 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ്- കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ,<br>3. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018 ലെ 'ബെസ്റ്റ് ഫോർ മാനേജിങ് സക്സസ്'- കുമരകം<br>4. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ അവാർഡ് 2019 ഫോർ വിമെൻ എംപവർമെന്റ്- ഉത്തരവാദിത്ത ടൂറിസം മിഷന്റെ കുമരകത്തെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ലഭിച്ചു<br>5. 2018 ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ്-ൽ 'ഔട്ട്സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ<br>6. നാഷണൽ ടൂറിസം അവാർഡ് 2015-16 ലെ 'ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം ഇനീഷ്യേറ്റിവ് ഇൻ നിഷ് കാറ്റഗറി' യിൽ - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>7. നാഷണൽ ടൂറിസം അവാർഡ് 2016-17 ലെ 'മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രൊജക്ട് ഇനീഷ്യേറ്റിവ്' എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി |
| (സി) | വിനോദസഞ്ചാരകേന്ദ്രങ്ങളുടെ ശുചിത്വവും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന | (സി) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ |

| | | | |
|---|---|---|---|
| | നടപടികളെക്കുറിച്ച് അറിയിക്കാമോ? | | സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിക്കുന്നു. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. <br> വിനോദ സഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. <br> അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് |

ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

കൂടാതെ ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**1. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ**

നിലവിൽ പ്രധാന ടൂറിസം കേന്ദ്രങ്ങൾ സന്ദർശകരെ ആകർഷിക്കുന്ന വിധത്തിൽ ശുചിയായി പരിപാലിക്കുകയാണ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യം. വിവിധ ജില്ലകളിലെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും, ബന്ധപ്പെട്ട കുടുംബശ്രീകളുടെയും ജില്ലാ കോ-ഓർഡിനേഷൻ മിഷന്റെയും സഹകരണത്തോടു കൂടിയാണ് ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് ടൂറിസം വകുപ്പ് ബന്ധപ്പെട്ട ഡി.റ്റി.പി.സി കൾക്ക് നേരിട്ട്

| | | | |
|---|---|---|---|
| | | | നൽകുകയും തുടർന്ന് അവർ മുഖാന്തരം ബന്ധപ്പെട്ട കുടുംബശ്രീകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. ടി പദ്ധതിയ്ക്കായി ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെയുള്ള കാലയളവിലേക്ക് 6,77,29,500/- (ആറ് കോടി 77 ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ) രൂപയുടെ ഭരണാനുമതി ഇതിനകം നൽകികഴിഞ്ഞു. ഒരു വർഷം കാലാവധിയുള്ള ഈ പദ്ധതിയിൽ ഓരോ മാസവും ഒരാൾക്ക് 10,500/ രൂപ ശമ്പളവും, ഒരു വർഷത്തിൽ 625/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും, 3125/- രൂപ രണ്ടു ജോഡി യൂണിഫോം വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്.<br>**<u>2. ഗ്രീൻ കാർപ്പെറ്റ്</u>**<br>സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പു വരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരി പോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ട് വരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയിലറ്റ് സംവിധാനം, |

കഫറ്റീരിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ "ഗ്രീൻകാർപ്പെറ്റ്" പദ്ധതിയയിൽ ഉറപ്പാക്കുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതിയും, ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്.

**<u>3. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, ഇടുക്കി</u>**

ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതി കഴിഞ്ഞ 3 വർഷക്കാലമായി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. എക്സ് സർവീസ് മെൻ ചാരിറ്റബിൾ ട്രസ്റ്റ് എന്ന ഏജൻസി മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2017-18 -ൽ 7092500 രൂപയും 2018-19 - ൽ 7020000 രൂപയും പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

2019-20 വർഷത്തിൽ 80,64,000/- (എൺപതു ലക്ഷത്തി അറുപത്തി നാലായിരം രൂപ മാത്രം) രൂപയാണ് പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| | | | ജില്ലയിലെ 12 ടൂറിസം കേന്ദ്രങ്ങളിൽ നിന്നും ആഴ്ചയിൽ രണ്ടു തവണ ശേഖരിച്ച് കേന്ദ്രീകൃതമായി തരംതിരിച്ച് അനുയോജ്യമായ രീതിയിലാണ് സംസ്കരിക്കുന്നത്. പ്രതിമാസം പരിശോധന നടത്തി തൃപ്തികരമായി മാലിന്യം നീക്കം ചെയ്തിട്ടുണ്ടെങ്കിൽ 6,72,000/- (ആറു ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) വീതം 12 തവണകളായിട്ടാണ് പ്രസ്തുത ഏജൻസിയ്ക്ക് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന പണം നൽകുന്നത്.<br>നിലവിൽ താഴെ പറയുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നാണ് ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>1. മാട്ടുപ്പെട്ടി<br>2. മൂന്നാർ<br>3. രാമക്കൽമേട്<br>4. വളഞ്ഞങ്ങാനം<br>5. പരുന്തുംപാറ<br>6. വാഗമൺ അഡ്വഞ്ചർ പാർക്ക്<br>7. വാഗമൺ (മൊട്ടക്കുന്ന് & പൈൻവാലി)<br>8. തൊമ്മൻകുത്ത്<br>9. പാഞ്ചാലിമേട്<br>10. ഹിൽവ്യൂ പാർക്ക്<br>11. ആമപാറ വ്യൂ പോയിൻറ്<br>12. ഇടുക്കി പാർക്ക്<br>**4. കോവളം വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്**<br>അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയിൽ കോവളം ബീച്ച് ഡെസ്റ്റിനേഷൻ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | മേഖലയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിഴിഞ്ഞം ഗ്രാമപഞ്ചായത്തുമായി ചേർന്ന് 2005 മുതൽ നടപ്പിലാക്കി വന്നിരുന്നുവെങ്കിലും, മാലിന്യ നിക്ഷേപത്തിനുള്ള സ്ഥലം ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സാങ്കേതിക അഭാവം എന്നിവ മൂലം, ടി പ്രവർത്തനങ്ങൾ ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖാന്തിരം ഇപ്പോൾ വകുപ്പ് നടപ്പിലാക്കി വരുന്നു. 2010 മുതൽ ടി മേഖല കോർപ്പറേഷന്റെ പരിധിയിൽ വന്നതിനാൽ കോർപ്പറേഷന്റെ സഹകരണത്തോടെ പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു.<br><br>കോവളം ബീച്ച് മേഖലയിലെ ജൈവ-അജൈവ മാലിന്യങ്ങൾ "ഇക്കോ പ്രിസർവ്" എന്ന ഏജൻസി മുഖാന്തരമാണ് പ്രധാനമായും സമാഹരിക്കുന്നത്. വെള്ളാർ ജംഗ്ഷൻ മുതൽ ലൈറ്റ് ഹൗസ് ബീച്ച് വരെയുള്ള 3 സ്ക്വയർ കി.മീ ചുറ്റളവിലുള്ള ഹോട്ടലുകളിൽ നിന്നും റെസ്റ്റോറന്റുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യ അവശിഷ്ടങ്ങൾ കോവളം ഡെസ്റ്റിനേഷന് പുറത്ത് ഏജൻസിയുടെ സ്വകാര്യ സ്ഥലത്ത് കൊണ്ടുപോയി വേർതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു.<br><br>മേൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തികൾക്കായി 2019-20 സാമ്പത്തിക വർഷം 49,68,000/- (നാൽപ്പത്തി ഒൻപത് ലക്ഷത്തി അറുപത്തി എണ്ണായിരം രൂപയുടെ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്<br><br>**<u>5. ഗ്രീൻ ഗ്രാസ്സ് പ്രോജക്ട്</u>**<br><br>സംസ്ഥാന സർക്കാരിന്റെ "പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്" |

എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് "വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൗൺ ഡെസ്റ്റിനേഷൻ അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2019-20)". ഇതിൽ ആദ്യഘട്ടത്തിൽ 79 തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ഈ ഏജൻസി മുഖേന മാലിന്യങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സംസ്കരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് ഒരു "തേർഡ് പാർട്ടി ഓഡിറ്റിംഗ്" ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവയോൺമെന്റ് സ്റ്റഡീസ് ആണ് ആഡിറ്റ് നടപ്പാക്കുന്നത്. ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 4,79,90,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>6.വേൾഡ് ക്ലാസ്സ് ടോയിലറ്റുകളുടെ നിർമ്മാണം</u>**

ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള

| | | | |
|---|---|---|---|
| | | | ടോയിലെറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ വർക്കല ബീച്ച്, പൂക്കോട്, കൊല്ലം ബീച്ച്, ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച് എന്നീ ആറു കേന്ദ്രങ്ങളിൽ ടോയിലറ്റുകൾ സ്ഥാപിക്കുന്നതിനായി 9,26,14,835 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബേക്കൽ ബീച്ച്, കാരാപ്പുഴ ഡാം, ബട്ട് റോഡ് ബീച്ച് പാർക്ക് കോഴിക്കോട്, ശംഖുമുഖം ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, മലമ്പുഴ എന്നിവിടങ്ങളിൽ ടോയിലറ്റുകൾ സ്ഥാപിക്കുന്നതിനായി 7,13,72,413/- രൂപയുടെ പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.<br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കേരളാ ട്രാവൽ മാർട്ട് (കെടിഎം)മായി ചേർന്ന് ക്ലീൻ കേരള ഇനീഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കുന്നു. ടൂറിസം വ്യവസായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക, തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/ സൗഹാർദ്ദ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ നടപ്പാക്കി വരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എൻജിഒകൾ എന്നിങ്ങനെ വിവിധ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ |

| | | | |
|---|---|---|---|
| | | | സർട്ടിഫൈഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ 9 കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട 25 ടൂറിസം കേന്ദ്രങ്ങളുടെ സുരക്ഷാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**